# കാൻസറിനെക്കുറിച്ച് മൂന്ന് കവിതകൾ

**ശാഹിന തറയിൽ**

## കാൻസർ

ശരീരത്തെയും
മനസ്സിനെയും
സമ്പത്തിനെയും
കാർന്നുതിന്നുന്ന
ഞണ്ട്

## നെടുവീർപ്പ്

കാൻസർ വാർഡിന്റെ
മരണം മണക്കുന്ന
ചുമരുകൾക്കുള്ളിൽ നിന്നും
ഇടറിയുതിരുന്നത്
പ്രതീക്ഷയൊടുങ്ങിയ
കിനാവുകളുടെ
നെടുവീർപ്പുകൾ

## താക്കീത്

സൗന്ദര്യത്തെയും
അറിവിനെയും
ധനത്തെയും കുറിച്ചുള്ള
നമ്മുടെ അഹന്തയെ
കൂച്ചുവിലങ്ങിടാൻ
മുകളിരിക്കുന്നവന്
ഒരു ഇമയനക്കം മതി



## നിള

നെറ്റിത്തടം തഴുകിപ്പോയ കാറ്റിന്
മരുഭൂമിയുടെ ഗന്ധമുണ്ടായിരുന്നു.
വിയർപ്പു തുള്ളികളെ പൊള്ളിച്ചുകൊണ്ടും
കുളിരിന് പകരം കൊടും ചൂട് നൽകിയും
അവൻ കടന്നുപോയി...
നിളയാണ് മുന്നിലെന്ന തിരിച്ചറിവ്
ചിതകെട്ടടങ്ങിയപ്പോൾ
അതും കൊണ്ടുപോയ
മണൽ വാരിയന്ത്രം പറഞ്ഞുതരുന്നു.
ചെറുതുള്ളി വെള്ളത്തിൽ പിടയുന്ന
മീനിനെ റാഞ്ചികൊണ്ട്
അവശേഷിച്ച പൊൻമാനും
പറന്നുപോയി...
ചിലപ്പോൾ മറ്റൊരു കുളത്തിലേക്കാവാം...
ശുഭപ്രതീക്ഷകൾക്കുമേലെ
തീവണ്ടികൾ കടന്നുപോയി കൊണ്ടിരിക്കുന്നു.
ഹോണിന്റെ മുഴക്കം ഇപ്പോഴും
വായുവിൽ മുഴങ്ങികൊണ്ടിരിക്കുന്നു.

**അബ്ദുൽ ഹന്നാൻ**

## കുതിപ്പ്

വിയർപ്പിന്റെ മണം പറ്റി
മുഷിഞ്ഞു പോയൊരു കൈലേസ്,
കാത്തിരിപ്പിന്റെ വിയർപ്പ്
പരിഭ്രമത്തിന്റെ, ആകാംക്ഷയുടെ,
നിരാശയുടെ വിയർപ്പിൽ എന്നും
കീശയിൽ കൂട്ടായുള്ള കൈലേസ്
അപമാനത്തിന്റെ,നഷ്ടത്തിന്റെ
സ്വയം ചെറുതാകലിന്റെ വിയർപ്പ്
വിശപ്പിന്റെ,അലച്ചിലിന്റെ,
മനോ വേദനകളുടെ,തകർച്ചകളുടെ
ഉരുക്കമായീ വിയർപ്പിനെ
പുണരുന്ന കൈലേസ്
ഉള്ളം നോവുമ്പോൾ
കൈക്കുള്ളിലമരുന്ന കൈലേസ്
വിയർപ്പിന്റെ മണം പറ്റി
മുഷിഞ്ഞു പോയൊരു കൈലേസ്,
ഇന്നിതാ ചവറ്റുകുട്ടയിലുപേക്ഷിക്കട്ടെ
ഇനി വിയർപ്പുണ്ടാകില്ല,
ശീതീകരിണിയുടെ തണുപ്പിൽ
ഈ വിയർപ്പ്,ഓർമ്മകളുടെ വിയർപ്പ്
മുഷിപ്പായി മാറിക്കൊള്ളും, ഉറപ്പ്..!

**കെ.എ ശബ്ന സുമയ്യ**